# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5119** — **27/06/2019-ൽ മറുപടിയ്ക്ക്**

## രക്തബാങ്കുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ്<br>,, എ. പ്രദീപ്കുമാർ<br>,, ഐ.ബി. സതീഷ്<br>,, സജി ചെറിയാൻ | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| എ) വർദ്ധിച്ചുവരുന്ന ആവശ്യത്തിനനുസരിച്ച് രക്തം ലഭ്യമല്ലാത്ത അവസ്ഥ ആരോഗ്യ ചികിത്സാ മേഖലയിലെ പ്രവർത്തനങ്ങളെ ബാധിക്കുന്നതായ വസ്തുത ഗൗരവമായി കാണുന്നുണ്ടോ; | എ) ആവശ്യാനുസരണം രക്തം ലഭ്യമല്ലാ എന്ന അവസ്ഥയുള്ളതായി റിപ്പോർട്ടുകൾ ഒന്നും തന്നെ കിട്ടിയിട്ടില്ല. |
| ബി) രക്തബാങ്കുകളുടെ പ്രവർത്തനങ്ങൾ കാലാനുസൃതമായി നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും ഈ സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിവരിക്കാമോ ; | ബി) രക്തബാങ്ക് സജ്ജീകരിക്കുന്നതും, പ്രവർത്തിപ്പിക്കുന്നതും Drugs & Cosmetics Rules, 1945, Schedule F, Part XII B -ൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരമാണ്. പ്രസ്തുത ഷെഡ്യൂളിൽ കാലാകാലങ്ങളായി ആവശ്യാനുസരണമുള്ള ഭേദഗതികൾ വരുത്താറുണ്ട്. ഭേദഗതികൾക്കനുസരിച്ച് രക്തബാങ്കുകൾ നവീകരിച്ച് അവയുടെ പ്രവർത്തനം നടപ്പിൽ വരുത്തുന്നുണ്ട്. |
| സി) രക്തം ദാനം ചെയ്യുമ്പോൾ ഒരാളുടെ ജീവൻ രക്ഷിക്കുകയും രക്ത-ദാതാവിന് ആരോഗ്യകരമായ ജീവിതം നയിക്കുന്നതിനുള്ള ശക്തിയാർജ്ജിക്കുകയും ചെയ്യുന്നതിനാൽ സന്നദ്ധ രക്തദാന പ്രവർത്തനത്തെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനുതകുന്ന ബോധവൽക്കരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ ; | സി) രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിനും അതിനു വേണ്ട ആരോഗ്യപരമായ ജീവിതശൈലി വളർത്തേണ്ടതിന്റെ ആവശ്യകതകൾക്കുമായി വിവിധ ബോധവത്കരണ പരിപാടികൾ നടത്തുന്നുണ്ട്. ഇതിനായി നാഷണൽ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷനും, കേരള ഗവൺമെന്റും ഫണ്ട് ലഭ്യമാക്കുന്നുണ്ട്. സന്നദ്ധ രക്തദാനം നടത്തുന്നതിനായി 2500 രൂപാ നിരക്കിൽ രക്തബാങ്കുകൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു. അതുപോലെ ഓരോ ദാതാവിനും 25 രൂപയുടെ ലഘുഭക്ഷണം ലഭ്യമാക്കുന്നുണ്ട്. |

ഡി) രക്തബാങ്കുകൾ നവീകരിക്കുന്നതിനും രക്തശേഖരണം വ്യാപിപ്പിക്കുന്നതിനും മൊബൈൽ രക്ത ശേഖരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഡി) കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ കീഴിൽ 15 ബ്ലഡ് ട്രാൻസ്പോർട്ടേഷൻ വാനുകൾ 14 ജില്ലകളിലായി അനുവദിച്ചിട്ടുണ്ട്. രക്തബാങ്കുകളിലെത്തി രക്തം ദാനം ചെയ്യാൻ സാധിക്കാത്തവർക്കായി സംഘടിപ്പിക്കുന്ന രക്തദാന ക്യാമ്പുകളിൽ നിന്നും ശേഖരിക്കുന്ന രക്തം സുരക്ഷിതമായി രക്തബാങ്കുകളിലെത്തിക്കുന്നതിനും, രക്ത-ബാങ്കുകളിൽ നിന്നും രക്തയൂണിറ്റുകൾ വിവിധ രക്തസംഭരണ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും ഈ വാഹനം ഉപയോഗിച്ചു വരുന്നു. കൂടാതെ സന്നദ്ധ രക്തദാന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിലേയ്ക്കായി ഒരു മൊബൈൽ രക്തസംഭരണ യൂണിറ്റ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ കീഴിൽ നിലവിലുണ്ട്. വിവിധ രക്തബാങ്കുകളും, സന്നദ്ധ സംഘടനകളും ഈ മൊബൈൽ രക്തസംഭരണ യൂണിറ്റിന്റെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. മേൽപ്പറഞ്ഞതു കൂടാതെ സിറ്റിസൺ ഇന്ത്യ ഫൗണ്ടേഷൻ ലഭ്യമാക്കിയിട്ടുള്ള ഒരു ബ്ലഡ് മൊബൈൽ സന്നദ്ധരക്തദാന ക്യാമ്പ് സംഘടിപ്പിക്കുന്നതിനായി 2018 ജൂൺ മുതൽ പ്രവർത്തിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**